1

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2653

21.06.2012- ലെ
മറുപടിക്ക്

കയർ ഭൂവസ്ത്ര നദീതീര സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എൻ. ഷംസുദ്ദീൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നദീതീരങ്ങളുടെ സംരക്ഷണത്തിന് പ്രകൃതി സൗഹൃദ കയർഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) നദീതീരങ്ങളുടെ സംരക്ഷണത്തിന് കയർഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. |
| (ബി)എങ്കിൽ അതുമായി ബന്ധപ്പെട്ട പഠന ഗവേഷണങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) കയർ ഭൂവസ്ത്രത്തിന്റെ വിഭാഗത്തിൽപ്പെടുന്ന കൊക്കോ-ലോഗുകൾ ഉപയോഗിച്ച് നദീതടങ്ങൾ സംരക്ഷിച്ചിട്ടുണ്ട്. നദീതീരങ്ങളോട് ചേർന്ന് മഴക്കാലത്ത് കരകവിഞ്ഞ് ഒഴുകുന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പ് കൂടുതലാണ്. മഴക്കാലത്ത് ഉണ്ടാകുന്ന നദികളുടെ കരയിടിയുന്ന പ്രതിഭാസം തടയുന്നതിനു വേണ്ടി ജലപ്രവാഹത്തിന്റെ ശക്തി കുറയ്ക്കുന്ന രീതിയിൽ ഒഴുക്കിന് വിപരീത ദിശയിൽ കൊക്കോ-ലോഗുകളും തെങ്ങിൻ കുറ്റികളും ഉപയോഗിച്ച് പുലിമുട്ടുകൾ സ്ഥാപിക്കുന്നു. ഈ പുലിമുട്ടുകൾക്കിടയിൽ കൊക്കോ-ലോഗുകൾ ഇറക്കി ഒന്നിനുമുകളിൽ ഒന്നായി അടുക്കി വച്ച് ജലപ്രവാഹത്തിന്റെ വേഗത കുറയ്ക്കുന്നു. കൊക്കോ-ലോഗുകൾക്കിടയിൽ ക്കൂടി ഈ ജലം ഊർന്നിറങ്ങുന്നതു കൊണ്ട് ജലപ്രവാഹത്തിന്റെ തീവ്രത കുറയുകയും, ജലത്തിൽ അടങ്ങിയിരിക്കുന്ന മണ്ണ് അവിടെ നിക്ഷേപമായി രൂപപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ കൊക്കോ-ലോഗുകൾ ഉപയോഗിച്ചുണ്ടാക്കുന്ന നിർമ്മിതിക്ക് പുറകിലായി കയർ ഭൂവസ്ത്രം നദീതീരങ്ങളിൽ വിരിക്കുകയും ചെയ്യുന്നു. ഈ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ, മുള, ഈറ തുടങ്ങിയ വേരുകൾ പെട്ടെന്ന് വളർന്നിറങ്ങുന്ന സസ്യങ്ങൾ വെച്ചു പിടിപ്പിക്കുന്നു.. ഈ കാലയളവിൽ കയർ ഉപയോഗിച്ചുള്ള കൊക്കോ ലോഗുകൾ, ഒഴുക്ക വെള്ളം നേരിട്ട് നദീതീരത്തു നിന്ന് മണ്ണ് നഷ്ടപ്പെടാതെ നദീതീരത്തെ സംരക്ഷിച്ചു നിർത്തുന്നു. |

| | |
|---|---|
| | കൊക്കോ-ലോഗുകൾ ഉപയോഗിച്ചുള്ള പുലിമുട്ടുകൾ ഒന്നര മുതൽ രണ്ട് വർഷം വരെ നിലനില്ക്കുന്നു. ഈ കാലയളവിനുള്ളിൽ നട്ടുപിടിപ്പിച്ച മുള, ഈറ തുടങ്ങിയ സസ്യങ്ങൾ വളർന്ന് അതിന്റെ വേരുകൾ മണ്ണിലേക്ക് ഇറങ്ങുകയും നദീതടങ്ങൾ സ്വാഭാവികമായി ബലപ്പെടുകയും ചെയ്യുന്നു. |
| (സി) നദീതടങ്ങളിൽ സ്വഭാവികത നിലനിർത്തുന്നതിനും, കരയിടിച്ചിൽ തടയുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും അനുയോജ്യമായ ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിലെങ്കിലും നദീതീരങ്ങളിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിജയപരാജയങ്ങളെ സംബന്ധിച്ച വിശദവിവരം നല്കാമോ? | സി) തിരുവല്ലയിലുള്ള കരിമ്പ് ഗവേഷണ കേന്ദ്രത്തിനടുത്തുള്ള മണിമലയാറിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഈ പരീക്ഷണം വിജയകരമായിരുന്നു. . 2011-ലെ International Erosion Control Association - ന്റെ വാർഷിക സമ്മേളനത്തിൽ ഇത് സംബന്ധിച്ച പ്രബന്ധം അവതരിപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ